DESPATCHED
On...05/03/2020

20.1.20

**സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,**
**തിരുവനന്തപുരം 695 001**
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic@kerala.nic.in

ഹർജി നമ്പർ **AP. 2162(7)/2014**/എസ്.ഐ.സി.
തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം
(ഫയൽ നം. *13244/എസ്.ഐ.സി-ജി 6/14*

സന്നിഹിതൻ
**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

| | |
|---|---|
| ശ്രീ. സജീൻ എബ്രഹാം<br>ലൈഫ് പോസിറ്റീവ്( ശ്രീ.ശ്രീ ആയുർവേദ),<br>പി2, കഞ്ചാസ് ബിൽഡിംഗ്<br>രാജാജി റോഡ്<br>കോഴിക്കോട് | പരാതി ഹർജിക്കാരൻ |

**Vs**

| | |
|---|---|
| **1.** സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ&<br>കസബ പോലീസ് സ്റ്റേഷൻ<br>കോഴിക്കോട് സിറ്റി<br><br>2. അപ്പീൽ അധികാരി ആന്റ്<br>സർക്കിൾ ഇൻസ്പെക്ടർ<br>കസബ പോലീസ് സ്റ്റേഷൻ<br>കോഴിക്കോട് സിറ്റി | എതിർകക്ഷികൾ |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, വിവരാവകാശ നിയമപ്രകാരം ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൻമേൽ വിവരം ലഭ്യമാക്കിയില്ല എന്നും ആയതിനാൽ അപ്പീൽ അധികാരി മുമ്പാകെ അപ്പീൽ അപേക്ഷ സമർപ്പിച്ചുവെന്നും ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കണമെന്നും മറ്റുമാണ്.

2. ടി പരാതി ഹർജിയിൽ എസ്.പി.ഐ.ഒ. കമ്മീഷനിൽ സമർപ്പിച്ചിരിക്കുന്ന റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നത്, ടിയാൻ ആവശ്യപ്പെട്ട മൊഴിപ്പകർപ്പ് കണ്ടെത്താനായിട്ടില്ലായെന്നാണ്.

3. എസ്.പി.ഐ.ഒ. സമർപ്പിച്ച റിപ്പോർട്ടിന്മേൽ അഭിപ്രായം തേടുന്നതിനായി കമ്മീഷൻ 07.11.2019 ന് കളക്ടറേറ്റ് കോഴിക്കോട് വച്ചു നടത്തിയ വീഡിയോ കോൺഫറൻസിൽ ഹാജരാകുവാൻ ഇരു കക്ഷികൾക്കും നോട്ടീസ് നൽകുകയും ഇരുകക്ഷികളും ഹാജരാകുകയും അഭിപ്രായം രേഖപ്പെടുത്തുകയും ചെയ്തു. ആയതിൽ വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ട പൂർണ്ണമായ വിവരങ്ങൾ നൽകിയിട്ടില്ലെന്ന് ഹരജിക്കാരനും, ഹർജിക്കാരൻ വിവരാവകാശ അപേക്ഷയിൽ ചോദിച്ചിരുന്ന ചോദ്യങ്ങൾക്ക് ലഭ്യമായ വിവരങ്ങളെല്ലാം അപേക്ഷകന്റെ അപ്പീലിന് മറുപടിയായി നൽകിയെന്നും ടിയാൻ ആവശ്യപ്പെടുന്ന മൊഴിപ്പകർപ്പ് പഴക്കമുള്ളതിനാൽ നാളിതു വരെ നടത്തിയ അന്വേഷണത്തിൽ കണ്ടെത്താൻ സാധിച്ചിട്ടില്ലെന്നാണ് എസ്.പി.ഐ.ഒ മൊഴി നൽകിയത്.

*4.* അപ്പീൽ ഹർജിയും അനുബന്ധരേഖകളും പരിശോധിച്ചതിൽ ലഭ്യമായ വിവരങ്ങൾ നൽകിയതായി കാണുന്നെങ്കിലും, ഹർജിക്കാരൻ ആവശ്യപ്പെട്ട മൊഴിയുടെ പകർപ്പ് ഒന്നുകൂടി വിശദമായ തിരച്ചിൽ നടത്തി 10 ദിവസത്തിനുള്ളിൽ കണ്ടെടുക്കേണ്ടതും ആയത് ഹർജിക്കാരന് നൽകേണ്ടതാണെന്നും കമ്മീഷൻ നിർദ്ദേശിച്ചു.

5. മേൽ നിർദ്ദേശപ്രകാരം ഈ പരാതി ഹർജി ഇന്നേദിവസം 2020 ജനുവരി 20–ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)

ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ഫിനാൻസ്)

STATE INFORMATION COMMISSION * KERALA, THIRUVANANTHAPURAM *



res